**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1345** **01-02-2024 - ൽ മറുപടിയ്ക്ക്**

**നൈറ്റ് ലൈഫ് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു<br>ശ്രീ വി കെ പ്രശാന്ത്,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിൽ നൈറ്റ് ലൈഫ് ടൂറിസത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; പ്രധാന ടൗൺഷിപ്പുകളെ കണ്ണടയ്ക്കാത്ത നഗരങ്ങളായി പരിവർത്തനപ്പെടുത്താനും വിപണിയുടെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്താനും പദ്ധതികൾ തയ്യാറാക്കുമോ; | (എ) | സംസ്ഥാനത്ത് തിരുവന്തപുരം നഗരത്തിലെ മാനവീയം വീഥിയിൽ നൈറ്റ് ലൈഫ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നൈറ്റ് ലൈഫ് ടൂറിസം വ്യാപിപ്പിയ്ക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി തിരുവനന്തപുരം കനകക്കുന്ന് കൊട്ടാരത്തിലും പദ്ധതി നടപ്പിലാക്കുന്നുണ്ട്. രാത്രികാല ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ഇവിടെ അന്തിമ ഘട്ടത്തിലാണ്. തിരുവന്തപുരം നഗരത്തിലെ പൈതൃക കെട്ടിടങ്ങൾ ദീപാലംകൃതമാക്കിയും പ്രധാന ജംഗ്ഷനുകളിലും മറ്റും വെളിച്ചവിതാനം സാധ്യമാക്കിയും നൈറ്റ് ലൈഫിനുള്ള സാഹചര്യം ഒരുക്കുന്നു. പൈതൃക കെട്ടിടങ്ങളുടെ ലൈറ്റിംഗ് സംവിധാനം കോഴിക്കോട് നഗരത്തിലും നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി പ്രധാന ടൗണുകളിൽ നൈറ്റ് ലൈഫ് ടൂറിസം സാധ്യമാക്കുകയാണ് ലക്ഷ്യം. |
| (ബി) | ഏതെല്ലാം കേന്ദ്രങ്ങളെയാണ് നിലവിൽ ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും പ്രസ്തുത കേന്ദ്രങ്ങളിലെ പ്രവർത്തന പുരോഗതിയും വ്യക്തമാക്കാമോ; | (ബി) | സംസ്ഥാനത്ത് തിരുവന്തപുരം മാനവീയം വീഥിയിൽ രാത്രികാല ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിനോദ സഞ്ചാര വകുപ്പിന്റെ കീഴിൽ കനകക്കുന്ന് കൊട്ടാരവളപ്പ് തെരഞ്ഞെടുത്തിട്ടുണ്ട് . നിലവിൽ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള നിർമ്മാണ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. |
| (സി) | പൈതൃക കെട്ടിടങ്ങളെയും സ്ഥാപനങ്ങളെയും സ്മാരകങ്ങളെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നൈറ്റ് ലൈഫ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി പൈതൃക കെട്ടിടങ്ങളിൽ ദീപാലങ്കാരം ഏർപ്പെടുത്തുന്ന ട്രാവൻകൂർ ഹെറിറ്റേജ് പ്രോജക്ട് എന്ന പദ്ധതിയും വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു . ഇതിന്റെ ആദ്യഘട്ടമായി തലസ്ഥാന നഗരിയിലെ തെരഞ്ഞെടുക്കപ്പെട്ട 30 പൈതൃക കെട്ടിടങ്ങളിൽ വൈദ്യുത ദീപാലങ്കാരം ഏർപ്പെടുത്തുന്നതിനായി തീരുമാനിച്ചു. ഇതിൽ 27 |

| | | | |
|---|---|---|---|
| | | | പൈതൃക കെട്ടിടങ്ങളുടെ വൈദ്യുത ദീപാലങ്കാര പ്രവൃത്തികൾ പൂർത്തീകരിച്ച് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്. ബാക്കി 3 കെട്ടിടങ്ങളുടെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.<br><br>പദ്ധതി കോഴിക്കോട് നഗരത്തിലേയ്ക്ക് വ്യാപിപ്പിയ്ക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ